## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2075

**17.06.2014**- ൽ മറുപടിക്ക്

### സഹകരണ മേഖലയുടെ ജനക്ഷേമകരമായ പരിഷ്ക്കാരങ്ങൾ

**ചോദ്യം**

**ശ്രീ. എം. ഉമ്മർ :**
**ശ്രീ. പി.കെ. ബഷീർ :**
**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :**
**ശ്രീ. റ്റി.എ. അഹമ്മദ് കബീർ :**

എ) സഹകരണമേഖല കൂടുതൽ ജനക്ഷേമകരമാക്കി മാറ്റുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി)

(എ) സഹകരണമേഖല കൂടുതൽ ജനക്ഷേമകരമാക്കുന്നതിന്റെ ഭാഗമായി വളരെയധികം പരിഷ്ക്കാരങ്ങളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയിൽ നടപ്പിലാക്കിവരുന്നത്. അവ താഴെ പറയുന്നു.

1) സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' നടപ്പിലാക്കി.
2) നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കി.
3) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക്, സംവരണവും, കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതിയും നൽകി.
4) കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു.
5) ടൂറിസം രംഗത്ത് അപ്പക്സ് സഹകരണ സ്ഥാപനമായ ടൂർ ഫെഡു രജിസ്റ്റർ ചെയ്തു.
6) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേപ്പിന്റെ ആഭിമുഖ്യത്തിൽ പത്തനാപുരം എഞ്ചിനിയറിംഗ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിച്ചു. 5 എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TEQIP) അനുവദിച്ചു.
7) സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർ

ക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം നടത്തി.

8) വനിതാ സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, പ്രിന്റിംഗ് സഹകരണ സംഘങ്ങൾ, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, പട്ടികജാതി / പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പഠന സമിതികളെ നിയമിച്ചു. സഹകരണ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റികൾ രൂപീകരിച്ചു.

9) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും സംഘത്തിലെ ഓരോ അംഗത്തേയും അവർ അംഗങ്ങളായ സംഘത്തിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാക്കുന്നതിനും ഉദ്ദേശിച്ച് 'എന്റെ സംഘം', ക്യാമ്പയിൻ നടപ്പിലാക്കി. ടി പദ്ധതി പ്രകാരമുള്ള നടപടികൾ സംഘങ്ങളിൽ സ്വീകരിച്ചു.

10) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും, ദീർഘ കാലമായി ഈടാക്കാതെയും കൊടുത്ത് തീർക്കാതെയും, നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള 'ഉണർവ്വ് പദ്ധതി' നടപ്പിലാക്കി. ആകെ 22509.95 ലക്ഷം രൂപയുടെ 2214 പ്രൊപ്പോസലുകൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

11) സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തി.

12) 7-ാം സഹകരണ കോൺഗ്രസ്സ്/എക്സ്പോ എന്നിവ സംഘടിപ്പിച്ചു. 2012 നവംബർ 13 മുതൽ 16 വരെ 7-ാം സഹകരണ കോൺഗ്രസും, നവംബർ 1 മുതൽ 25 വരെ സഹകരണ എക്സിബിഷനും തൃശ്ശൂരിൽ വച്ച് സംഘടിപ്പിച്ചു. വിവിധ വിഷയങ്ങളെ അധികരിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങളിൻമേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

13) ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ എന്നിവ നടപ്പിലാക്കി.

14) സംസ്ഥാനത്തെ. നെല്ല് /നാളികേര കർഷകരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി വിപണന ഇടപെടലിനും സംസ്കരണത്തിനും

ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

15) സംസ്ഥാനത്ത് കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് ഫാം സർവ്വീസുകൾ ബ്ലോക്ക് തലത്തിൽ നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

16) ദുർബല വനിതാ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഒരു ധനസഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

17) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽ കർഷകരെ സഹായിക്കുന്നതിന് ഒരു പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

18) വായ്പാ കാലയളവിനുള്ളിൽ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശയിൽ ഇളവ് അനുവദിക്കുന്ന ഒരു പദ്ധതി – 'ഉത്തേജന പലിശയിളവ് പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്.

19) വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക–കാർഷികേതര ആവശ്യത്തിന് (സ്വർണ പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണമടയുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽപുള്ള 1 ലക്ഷം രൂപാവരെയുള്ള ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖല കൂടുതൽ ജനക്ഷേമകരമായി മാറ്റുന്നതിന്റെ ഭാഗമായി ഒഴിവാക്കുന്ന ബാധ്യതയുടെ തോത് ഒരു ലക്ഷം രൂപാ എന്നത് ഒന്നര ലക്ഷം രൂപവരെയുള്ള വായ്പയും അതിന്റെ പലിശയും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.

20) ഉപകരണ സജ്ജമായ മണ്ണ് പരീക്ഷണശാലകളും കൃഷിയുമായി ബന്ധപ്പെട്ട പരീക്ഷണ ശാലകളും ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം അനവദിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി

21) കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിൽ അഞ്ചേരിയിൽ പ്രവർത്തിച്ചുവരുന്ന 'ആയുർധാര' യൂണി

റ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

22) സഹകരണ മേഖല കൂടുതൽ ജനക്ഷേമകരമാക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിനും, തലസ്ഥാനത്ത് പ്രവർത്തിക്കുന്ന മേഖലയിലെ മറ്റ് ആഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനുമായി സഹകരണ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി) ഈ ലക്ഷ്യം കൈവരിക്കാൻ ഓരോ വർഷവും നൽകിയ ധനസഹായം സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) പദ്ധതി ഇനങ്ങൾക്ക് പുറമെ സംഘങ്ങളുടെ സ്വന്തം വിഭവം ഉപയോഗിച്ചുമാണ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.
സഹകരണ മേഖലയിൽ ധനസഹായം നൽകി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചും ഓരോ വർഷവും നൽകിയ ധനസഹായം സംബന്ധിച്ചുമുള്ള വിശദവിവരം ചുവടെ പറയുന്നു.

1) നെല്ല് നാളികേര സംഭരണ സംസ്കരണ പ്രവർത്തങ്ങൾക്കായി 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ആകെ 1195.88 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.
2) കർഷകർക്ക് ബ്ലോക്ക് തലത്തിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനായി 2012-13, 2013-14 വർഷങ്ങളിലായി ആകെ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട് 2014-15 വർഷത്തിൽ ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനായി 610 ലക്ഷം രൂപാ വകയിരുത്തി യിട്ടുണ്ട്.
3) നെൽ കർഷകർക്ക് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിക്കായി 2011-12 മുതൽ 2013-14 വരെ ആകെ 350 ലക്ഷം രൂപ അനുവദി ച്ചിട്ടുണ്ട്. 2014-15 വർഷം ഇതിലേക്കായി 200 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.
4) ഉത്തേജന പലിശ ഇളവ് പദ്ധതിക്കായി 2012-13, 2013-14 വർഷങ്ങളിലായി 300 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. 2014-15 വർഷം ഇതിലേക്കായി 100 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.
5) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഇതിനായുള്ള കോർപ്പസ് ഫണ്ടിലേക്ക് ടി കാലയളവിൽ 624.80 ലക്ഷം രൂപാ അനുവദിച്ചു നൽകിയിട്ടുണ്ട്.
6) മണ്ണ്. പരീക്ഷണശാലകളും കൃഷിയുമായി ബന്ധപ്പെട്ട പരീക്ഷണശാലകളും തുടങ്ങുന്നതിന് 2013-14-ൽ 302.80 ലക്ഷം രൂപ അനുവദിച്ചു.

7) കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിൽ അഞ്ചേരിയിൽ പ്രവർത്തിച്ചുവരുന്ന 'ആയുർധാര' യൂണിറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

8) സഹകരണ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രൈമറി സഹകരണ സംഘങ്ങൾക്ക് വായ്പകളിന്മേൽ ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതെത്ര ആണെന്നും അതിൽ കൂടുതൽ ഈടാക്കുന്ന സംഘത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളതെന്നും വെളിപ്പെടുത്തുമോ ?

(സി) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിതരണം ചെയ്തുവരുന്ന കാർഷികേതര വായ്പകളുടേയും കാർഷിക അനുബന്ധ വായ്പകളുടേയും പരമാവധി പലിശനിരക്കുകൾ സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ അംഗീകാരത്തോടെ സഹകരണസംഘം രജിസ്ട്രാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ക്യാഷ് ക്രെഡിറ്റ് വായ്പയ്ക്കും മോർട്ട്ഗേജ് വായ്പയ്ക്കും, ഒരു ശതമാനം കുറച്ച് പരമാവധി 15 ശതമാനം ആയി നിജപ്പെടുത്തിയും, വ്യാപാരവായ്പയ്ക്ക് അര ശതമാനം കുറച്ച് 15 ശതമാനമായി നിജപ്പെടുത്തിയും വ്യവസായ വായ്പയ്ക്ക് ഒരു ശതമാനം കുറച്ച് 15 ശതമാനം ആയി നിജപ്പെടുത്തിയും സ്വർണപണയ വായ്പയ്ക്ക് പരമാവധി 12 ശതമാനമായി നിജപ്പെടുത്തിയും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ കൂടുതൽ ഈടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിക്ഷേപം സ്വീകരിക്കുന്നതും വായ്പ നൽകുന്നതും നിർത്തിവയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ